**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 42** **05-12-2022 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റി അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2020 സെപ്റ്റംബർ 28 ന് നിലവിൽ വന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശം നൽകുമോ; | (എ) | 28.09.2020 തീയതിയിൽ നിലവിൽ വന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ 728 ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്. റാങ്ക് നില ചുവടെ ചേർക്കുന്നു:<br>OC – 569, Ezhava – 572, SC-S/L 48, ST-S/L 17, Muslim – 880, LC/AI – S/L 17, OBC – 606, Viswakarma – 814, Dheevara – S/L 1, SIUC Nadar – 567, Hindu Nadar – S/L 3, SCCC – S/L 10, DA LV – 9, DA HI – 12, DA LD/CP – 11. |
| (ബി) | 2016ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും രണ്ടായിരത്തോളം നിയമനങ്ങൾ നടന്നിട്ടും 2020 ലെ റാങ്ക്ലിസ്റ്റിൽ വെറും 1040 പേരെ മാത്രമാണ് മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം റാങ്ക് ലിസ്റ്റ് ചുരുക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ വിവിധ സർവകലാശാലകളിൽ നിന്നും യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയുടെ ഒഴിവുകൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചതിനു ശേഷം ആയതിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തേണ്ടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | നിലവിലെ ലിസ്റ്റിൽ മതിയായ ആളുകൾ ഉണ്ടായിട്ടും പുതുതായി രൂപികരിച്ച എസ്.എൻ. ഓപ്പൺ യൂണിവേഴ്സിറ്റി, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താതെ താത്കാലികക്കാരെ നിയമിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവയിൽ അസിസ്റ്റന്റുമാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ആയതിനാൽ താത്കാലിക നിയമനങ്ങൾ കരാർ അടിസ്ഥാനത്തിൽ നടത്തി വരുന്നു. തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് PSC റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുന്നതാണ്. |
| (ഡി) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ മാതൃകയിൽ നിയമനചട്ടം ഭേദഗതി ചെയ്യാതെ തന്നെ നിലവിലെ ലിസ്റ്റിൽ നിന്നും മേല്പറഞ്ഞ യൂണിവേഴ്സിറ്റികളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) | (സി)-യിൽ നൽകിയിട്ടുണ്ട്. |
| (ഇ) | ചട്ട ഭേദഗതി പൂർത്തിയാക്കി ലിസ്റ്റിൽ നിന്നും കൂടുതൽ പേർക്ക് നിയമനം നൽകുന്നതിന് അടിയന്തര നടപടി | (ഇ) | (സി)-യിൽ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ